ഉത്തരം

(എ) പൊതുവായ റിപ്പോർട്ടുകൾ ഒന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കൊല്ലം സർക്കിളിന്റെ പരിധിയിലുള്ള തിരുവനന്തപുരം സെയിൽസ് ഡിവിഷനിലെ തടി ഡിപ്പോകളിൽ അട്ടിവെപ്പിൽ ഒറ്റപ്പെട്ട ചില പിഴവുകൾ ഉണ്ടായിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്. ചില പിഴവുകൾ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഇതുമൂലം നഷ്ടം സംഭവിച്ചതായി റിപ്പോർട്ട് കിട്ടിയിട്ടില്ല.

(ഇ)-(ജി) ഇതു സംബന്ധിച്ച് വനംവകുപ്പ് വിജിലൻസ് വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ട്.

ഫോറസ്റ്റ് സ്റ്റേഷനുകളിൽ കെട്ടിക്കിടക്കുന്ന തടികൾ

88 (423) ശ്രീ. കെ.ടി. കുഞ്ഞിമുഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഫോറസ്റ്റ് സ്റ്റേഷനുകളിൽ എന്തു തുകയുടെ തടികൾ കെട്ടിക്കിടക്കുന്നുണ്ടെന്ന് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ തടികൾ സമയബന്ധിതമായി ലേലം ചെയ്യുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) തടികൾ വർഷങ്ങളായി ഫോറസ്റ്റ് സ്റ്റേഷനുകളിൽ കെട്ടിക്കിടക്കുന്നതുമൂലം സർക്കാരിന് പ്രതിവർഷം എത്ര രൂപയുടെ നഷ്ടം ഉണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) വനവിഭവങ്ങൾ സമയബന്ധിതമായി വിൽപ്പന നടത്തുവാൻ നിലവിലുള്ള സംവിധാനം എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(എഫ്)ഇത് പര്യാപ്തമാണെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ജി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എച്ച്) ഇല്ലെങ്കിൽ പുതിയ സംവിധാനത്തിന് രൂപം നൽകുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) സ്വീകരിച്ചുവരുന്നു.

(സി)&(ഡി) ഇല്ല.

(ഇ) സർക്കാർ ഡിപ്പോകൾവഴിയും ഫോറസ്റ്റ് (ഡമ്പിംഗ്) ഡിപ്പോകൾവഴിയും ലേലവിൽപ്പന നടത്തുന്ന സംവിധാനമാണ് നിലവിലുള്ളത്. കൂടാതെ വ്യവസായങ്ങൾക്ക് നിശ്ചിത നിരക്കിൽ തടി നൽകുന്നതിന് വ്യവസ്ഥയുണ്ട്.

(എഫ്)-(എച്ച്) നിലവിലുള്ള ലേല വിൽപ്പനയ്ക്കുപുറമേ ദർഘാസ് ലേലം (ടെണ്ടർ-കം-ഓക്ഷൻ) പ്രകാരവും വിൽപ്പന നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly